**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2472** **02-08-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ ഉത്തേജന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ വി ജോയി,<br>ശ്രീ. പി.വി.അൻവർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് വിനോദ സഞ്ചാരകേന്ദ്രങ്ങൾ ദീർഘനാളായി അടച്ചിട്ടത് കാരണം ഈ മേഖലയിൽ സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി വിലയിരുത്തിയിരുന്നോ; | (എ) | 2020 ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ സാമ്പത്തിക ആഘാതം ആണ് സൃഷ്ടിച്ചത്. വിശദമായ സ്ഥിതിവിവര കണക്കുകൾ ചുവടെ പ്രതിപാദിക്കുന്നു. 2019 ലെ സ്ഥിതി വിവരകണക്കുകളുമായ് താരതമ്യം ചെയുമ്പോൾ 2020 കലണ്ടർ വർഷം വിദേശവിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവ് ഉണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019 വർഷവുമായി താരതമ്യം ചെയുമ്പോൾ 7000-ൽ പരം കോടി രൂപയുടെയും, ആകെ വരുമാനത്തിൽ (വിദേശനാണ്യം + ആഭ്യന്തര ടൂറിസം + ഇൻഡയറക്ട് വരുമാനം) 33000 കോടി രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2020 കലണ്ടർ വർഷം ജനുവരിയിൽ വിദേശ/ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വളർച്ചയും 2020 ഫെബ്രുവരിയിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വളർച്ചയുമാണ് ഉണ്ടായത്. ആയതിനാൽ 2020 ആദ്യപാദവുമായി താരതമ്യം നടത്തിയാൽ പോലും യഥാർത്ഥ നഷ്ട കണക്കുകൾ ഇനിയും കൂടാനിടയുണ്ട്. |
| (ബി) | സംസ്ഥാനത്ത് അടച്ചിടൽ കാലയളവിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 2020 ൽ സംസ്ഥാനത്ത് ബാധിച്ച കോവിഡ് മഹാമാരി സംസ്ഥാനത്തെ ടൂറിസം മേഖലയിൽ ഗുരുതരമായ സാമ്പത്തിക ആഘാതം ആണ് സൃഷ്ടിച്ചത്. വിശദമായ സ്ഥിതിവിവര കണക്കുകൾ ചുവടെ പ്രതിപാദിക്കുന്നു. 2019 ലെ സ്ഥിതി വിവരകണക്കുകളുമായ് താരതമ്യം ചെയുമ്പോൾ |

| | | | |
|---|---|---|---|
| | | | 2020 കലണ്ടർ വർഷം വിദേശവിനോദസഞ്ചാരികളുടെ വരവിൽ 71.36 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്. ആഭ്യന്തര വിനോദസഞ്ചാരികളുടെ വരവിലും 72.86 ശതമാനം ഇടിവ് ഉണ്ടായി. വിദേശനാണ്യ വരുമാനത്തിൽ 2019 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 7000-ൽ പരം കോടി രൂപയുടെയും, ആകെ വരുമാനത്തിൽ (വിദേശനാണ്യം + ആഭ്യന്തര ടൂറിസം + ഇൻഡയറക്ട് വരുമാനം) 33000 കോടി രൂപയുടെയും ഏകദേശ നഷ്ടം കണക്കാക്കിയിട്ടുണ്ട്. എന്നാൽ 2021 വർഷവും കോവിഡ് മഹാമാരിയുടെ ആഘാതം ടൂറിസം മേഖലയിൽ തുടരുകയാണ്. 2020 കലണ്ടർ വർഷം ജനുവരിയിൽ വിദേശ/ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ വളർച്ചയും 2020 ഫെബ്രുവരിയിൽ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വളർച്ചയുമാണ് ഉണ്ടായത്. ആയതിനാൽ 2020 ആദ്യപാദവുമായി താരതമ്യം നടത്തിയാൽ പോലും യഥാർത്ഥ നഷ്ട കണക്കുകൾ ഇനിയും കൂടാനിടയുണ്ട്. |
| (സി) | കോവിഡ് പ്രതിസന്ധി മറികടക്കാൻ ടൂറിസം മേഖലയിൽ ഉത്തേജന പാക്കേജ് നടപ്പാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്നറിയിക്കാമോ; | (സി) | കോവിഡ് പ്രതിസന്ധി മറികടക്കാൻ ടൂറിസം മേഖലയിൽ ഒരു ഉത്തേജക പാക്കേജ് നടപ്പാക്കുന്നു.ഇതിനായി ഇക്കഴിഞ്ഞ ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടുണ്ട്. ഇതിനായുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചുവരുന്നു. |
| (ഡി) | പ്രസ്തുത പാക്കേജ് നടപ്പാക്കുന്നത് എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ? | (ഡി) | കോവിഡ് പ്രതിസന്ധി മറികടക്കാൻ ടൂറിസം മേഖലയിൽ ഒരു ഉത്തേജക പാക്കേജ് നടപ്പാക്കുന്നു.ഇതിനായി ഇക്കഴിഞ്ഞ ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടുണ്ട്. ഇതിനായുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ